REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി ബിൽ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ലോക്സഭയിൽ അവതരിപ്പിക്കുന്നു.**
- **CPIM ന്റെ 24-ാം പാർട്ടി കോൺഗ്രസിന് മധുരയിൽ തുടക്കമായി.**
- **സെക്രട്ടറിയേറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാപ്രവർത്തകരെ സംസ്ഥാന ഗവൺമെന്റ് വീണ്ടും ചർച്ചയ്ക്ക് വിളിച്ചു.**
- **ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ആദ്യ സെമി ഇന്ന്. ബംഗളൂരു FC, ഗോവ FC യെ നേരിടും.**

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി ബിൽ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ലോക്സഭയിൽ അവതരിപ്പിക്കുന്നു. ബില്ലിൽ എട്ട് മണിക്കൂറാണ് ചർച്ച നിശ്ചയിച്ചിരിക്കുന്നത്.

ബിൽ അവതരണത്തിനു മുൻപ് പ്രതിപക്ഷം ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് ബില്ലവതരണത്തിൽ എതിർപ്പ് അറിയിച്ചു. എന്നാൽ സ്പീക്കർ ബില്ലിന് അവതരണാനുമതി നൽകുകയായിരുന്നു. എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ബില്ല് അവതരിപ്പിക്കുന്നതെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു.

വഖഫ് സ്വത്തുക്കളുടെ ഭരണത്തിലേയും നടത്തിപ്പിലേയും ന്യൂനതകൾ പരിഹരിക്കാനാണ് ഗവൺമെന്റ് ഭേദഗതി ബിൽ കൊണ്ടുവരുന്നത്. 1995-ലെ ബിൽ വ്യവസ്ഥകൾ പുതുക്കി വഖഫ് സ്വത്ത് പൂർണമായി സംരക്ഷിക്കുകയാണ് ബില്ലിന്റെ ലക്ഷ്യമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ ഓഗസ്റ്റിൽ ലോക്സഭയിൽ അവതരിപ്പിച്ച ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിടുകയായിരുന്നു. ബില്ലുമായി ബന്ധപ്പെട്ട്

സംഘടനകളുടേയും മന്ത്രാലയങ്ങളുടേയും മറ്റ് പ്രതിനിധികളുടേയും നിർദേശങ്ങളും കാഴ്ചപ്പാടുകളും സമിതി പരിഗണിച്ചു. 97 ലക്ഷത്തിൽ പരം അഭിപ്രായങ്ങൾ കമ്മിറ്റിക്ക് ലഭിച്ചു.

✪✪✪

BJP യും JDU, തെലുഗു ദേശം പാർട്ടികളും സഭയിൽ ഹാജരാകാൻ അംഗങ്ങൾക്ക് വിപ്പ് നൽകിയിട്ടുണ്ട്. ബില്ലിനെ എതിർക്കാൻ സഭയിൽ ഹാജരാകുന്നതിന് കോൺഗ്രസും വിപ്പു നൽകിയിട്ടുണ്ട്.

✪✪✪

വഖഫ് ബിൽ പാസായാൽ രാജ്യവ്യാപകമായി പ്രക്ഷോഭം നടത്തുമെന്ന് മുസ്ലീംലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയും MP യുമായ ET മുഹമ്മദ് ബഷീർ ന്യൂഡൽഹിയിൽ പറഞ്ഞു. ബില്ലിനെ ശക്തമായി എതിർക്കുമെന്നും നിയമപോരാട്ടം തുടരുമെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

മണ്ഡല നിർണയത്തിലെ ആശങ്കകൾ പരിഹരിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ചയ്ക്ക് ആഗ്രഹിക്കുന്നതായി തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ അറിയിച്ചു. തമിഴ്നാട്ടിലെ വിവിധ രാഷ്ട്രീയ പാർട്ടിയിലെ MP മാർക്കൊപ്പം നിവേദനം സമർപ്പിക്കാൻ കൂടിക്കാഴ്ചയ്ക്ക് അഭ്യർത്ഥിച്ചതായും ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുടെ പ്രതികരണത്തിന് കാത്തിരിക്കുകയാണെന്നും സ്റ്റാലിൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ദേശീയപാതാ അതോറിറ്റി രാജ്യവ്യാപകമായി ടോൾ നിരക്ക് നാല് മുതൽ അഞ്ച് ശതമാനം വരെ വർദ്ധിപ്പിച്ചു. ചാർജ്ജ് വർദ്ധന ഇന്ന് നിലവിൽ വന്നു. ഹൈവേ വിപുലീകരണത്തിനും അറ്റകുറ്റപണികൾക്കും ധനസഹായം നൽകുന്നതിനാണ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇന്ത്യയിൽ കുഞ്ഞുങ്ങളുടെ ദത്തെടുക്കലിന് കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച വളർച്ചയുണ്ടായെന്ന് വനിതാ - ശിശു വികസന മന്ത്രാലയം അറിയിച്ചു. ഈ കാലയളവിൽ 4,515 കുഞ്ഞുങ്ങളെ ദത്ത് നൽകാൻ സാധിച്ചു. കഴിഞ്ഞ 12 വർഷത്തെ ഏറ്റവും ഉയർന്ന എണ്ണമാണിത്.

✪✪✪

പിൻവലിച്ച 2,000 രൂപ നോട്ടുകളിൽ 98.21 ശതമാനവും തിരികെ ലഭിച്ചതായി റിസർവ് ബാങ്ക് അറിയിച്ചു. ഇനി 6,366 കോടി രൂപയുടെ നോട്ടുകൾ മാത്രമാണ് പൊതുജനങ്ങളുടെ കൈവശം ശേഷിക്കുന്നത്. റിസർവ് ബാങ്കിന്റെ 19 ഇഷ്യൂ

ഓഫീസുകളിൽ ഇപ്പോഴും നോട്ടുകൾ മാറ്റിയെടുക്കാൻ സൗകര്യം ലഭ്യമാണ്. പോസ്റ്റ് ഓഫീസുകൾ വഴിയും നോട്ടുകൾ ഇഷ്യൂ ഓഫീസുകളിലേക്ക് കൈമാറാൻ കഴിയും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം പത്ത് ലക്ഷത്തിലേറെ തൊഴിലവസരങ്ങളിലേക്ക് ആളുകളെ കണ്ടെത്താൻ ഗവൺമെന്റിന്റെ E-മാർക്കറ്റ് പ്ലേസ് ആയ GEM-ന് കഴിഞ്ഞതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സംതൃപ്തി അറിയിച്ചു. സാമൂഹ്യമാധ്യമത്തിൽ ഈ നേട്ടം പങ്കുവെച്ച കേന്ദ്രമന്ത്രി പീയുഷ്ഗോയലിന്റെ പോസ്റ്റിനോട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - WAVES-ലെ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ -1 ലേക്ക് 85,000 ത്തിൽ പരം രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായി. ഇതിൽ 1,100 എണ്ണം അന്താരാഷ്ട്ര മത്സരാർത്ഥികളുടേതാണ്.

32 വിഭാഗങ്ങളിലായി 750 ഫൈനലിസ്റ്റുകളേയാണ് ചലഞ്ചിലൂടെ തെരഞ്ഞെടുക്കുന്നത്. മെയ് ഒന്ന് മുതൽ നാല് വരെ മുംബൈ ജിയോ വേൾഡ് സെന്ററിലാണ് WAVES ഉച്ചകോടി സംഘടിപ്പിക്കുന്നത്.

✪✪✪

CPIM ന്റെ 24-ാം പാർട്ടി കോൺഗ്രസിന് മധുരയിൽ തുടക്കമായി. മുതിർന്ന പാർട്ടി നേതാവ് ബിമൻബോസ് പതാക ഉയർത്തി. പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. നരേന്ദ്രമോദി ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ ജനാധിപത്യ മതേതര ചേരി ഇടതുപക്ഷത്തോടൊപ്പം ചേർന്ന് നിൽക്കണമെന്ന് പ്രകാശ് കാരാട്ട് പറഞ്ഞു. 80 നിരീക്ഷകരടക്കം 811 പ്രതിനിധികൾ പാർട്ടി കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്.

ഫെഡറലിസമാണ് ഇന്ത്യയുടെ ശക്തിയെന്ന വിഷയത്തിൽ നാളെ സംഘടിപ്പിക്കുന്ന സെമിനാറിൽ മുഖ്യമന്ത്രി പിണറായി വിജയനും, തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിനുമടക്കം നേതാക്കൾ പങ്കെടുക്കും. പ്രതിനിധി സമ്മേളനം സമാപന ദിവസമായ ഞായറാഴ്ച വരെ തുടരും.

✪✪✪

വാളയാർ പീഡനത്തിന് ഇരയായ കുട്ടികളുടെ മാതാപിതാക്കളുടെ അറസ്റ്റ് ഉൾപ്പടെ നടപടികൾ ഹൈക്കോടതി തടഞ്ഞു. CBI, വിചാരണക്കോടതിയിൽ സമർപ്പിച്ച കുറ്റപത്രം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മാതാപിതാക്കൾ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

ഹർജി തീർപ്പാക്കും വരെ ഇരുവർക്കും എതിരെ നടപടി പാടില്ലെന്ന് കോടതി വ്യക്തമാക്കി. കേസിൽ കോടതി വേനൽ അവധിക്ക് ശേഷം വിശദമായ വാദം കേൾക്കും.

✪✪✪

സെക്രട്ടറിയേറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാപ്രവർത്തകരെ സംസ്ഥാന ഗവൺമെന്റ് വീണ്ടും ചർച്ചയ്ക്ക് വിളിച്ചു. നാളെ ഉച്ചകഴിഞ്ഞ് ആരോഗ്യമന്ത്രിയുടെ ചേമ്പറിലാണ് ചർച്ചയെന്ന് സമരസമിതി നേതാക്കൾ അറിയിച്ചു. മൂന്നാം തവണയാണ് സമരസമിതിയുമായി ഗവൺമെന്റ് ചർച്ച നടത്തുന്നത്.

ആശമാർ നടത്തുന്ന രാപ്പകൽ സമരം ഇന്ന് 52-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരവും തുടരുകയാണ്.

✪✪✪

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ജാതിവിവേചനം നേരിട്ട കഴകം ജീവനക്കാരൻ P.A ബാലു രാജിവെച്ചു. 15 ദിവസത്തെ മെഡിക്കൽ ലീവ് കഴിഞ്ഞ് ഇന്നലെ ദേവസ്വം ഓഫീസിൽ എത്തിയ ബാലു അഡ്മിനിസ്ട്രേറ്റർക്ക് രാജിക്കത്ത് കൈമാറുകയായിരുന്നു.

P.A ബാലു രാജിവച്ച സാഹചര്യത്തിൽ റാങ്ക് പട്ടികയിൽ ഈഴവ വിഭാഗത്തിൽപ്പെട്ട ആളുണ്ടെങ്കിൽ നിയമനം നൽകുമെന്ന് കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ചെയർമാൻ KB മോഹൻദാസ് അറിയിച്ചു.

✪✪✪

പ്രമുഖ കഥാകൃത്തും നോവലിസ്റ്റും മുതിർന്ന മാധ്യമപ്രവർത്തകനുമായിരുന്ന EV ശ്രീധരൻ വടകരയിൽ അന്തരിച്ചു. അദ്ദേഹത്തിന് 76 വയസ്സായിരുന്നു. ദീർഘകാലം കലാകൗമുദി വാരികയുടെ പത്രാധിപസമിതി അംഗമായിരുന്നു.

എലികളും പത്രാധിപരും, താമരക്കുളത്തെ അമ്മുക്കുട്ടി, ഒന്നാം പ്രതി തുടങ്ങിയവ പ്രധാന കഥാസമാഹാരങ്ങളാണ്. ദൈവക്കളി, ഏതോ പൂവുകൾ എന്നീ നോവലുകളും ശ്രീധരന്റേതാണ്. സംസ്കാരം രാത്രി വടകര വള്ളിക്കാട് വീട്ടുവളപ്പിൽ നടത്തും.

✪✪✪

താമരശ്ശേരിയിൽ പത്താം ക്ലാസുകാരൻ മുഹമ്മദ് ഷഹബാസ് മർദ്ദനമേറ്റ് മരിച്ച കേസിൽ പ്രതികളായ കുട്ടികളുടെ ജാമ്യാപേക്ഷ നാളെ കോഴിക്കോട് ജില്ലാ സെഷൻസ് കോടതി പരിഗണിച്ചേക്കും. റിമാന്റിൽ കഴിയുന്ന ആറ് വിദ്യാർത്ഥികളുടെയും ജാമ്യാപേക്ഷ ജുവനൈൽ ജസ്റ്റിസ് ബോർഡ് തള്ളിയതിനെ തുടർന്നാണ് ജില്ലാകോടതിയെ സമീപിച്ചത്.

✪✪✪

പാലക്കാട് RSS നേതാവ്  K.S ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിലെ 10 പ്രതികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ജസ്റ്റിസ് V രാജ വിജയരാഘവൻ, ജസ്റ്റിസ് P.V ബാലകൃഷ്ണൻ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെതാണ് ഉത്തരവ്.  നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ട്, SDPI പ്രവർത്തകരാണ് പ്രതികൾ.

✪✪✪

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനലിന്റെ ആദ്യപാദ മത്സരങ്ങൾ ഇന്ന് തുടങ്ങും. ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്ക് ബംഗളുരു FC, FC ഗോവയെ നേരിടും.

നാളെ മോഹൻ ബഗാൻ - ജംഷഡ്പുരിനെ  നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ബംഗളൂരു  M ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

മയക്കുമരുന്നിനെതിരായ പ്രചാരണത്തിന്റെ ഭാഗമായി  കോഴിക്കോട്ട് നാളെ 'ലഹരിക്കെതിരെ ആയിരം ഗോൾ' എന്ന പരിപാടി നടത്തും. ജില്ലാ സ്പോർട്സ് കൗൺസിലും ജില്ലാ ഫുട്ബോൾ അസോസിയേഷനും ചേർന്ന് വൈകിട്ട് മാനാഞ്ചിറ സ്ക്വയറിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

"സ്പോർട്സാണ് ലഹരി" എന്ന മുദ്രാവാക്യം ഉയർത്തി ജില്ലാ സ്പോർട്സ് കൗൺസിൽ ആരംഭിക്കുന്ന  സമ്മർക്യാമ്പിനോട് അനുബന്ധിച്ചാണ് പരിപാടി .

✪✪✪

ശബരിമലയിൽ പൈങ്കുനി ഉത്രം ഉത്സവത്തിന് കൊടിയേറി.

വിശദാംശങ്ങളുമായി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്).......

✪✪✪

കോഴിക്കോട് വടകര ലോകനാർകാവ് ക്ഷേത്രത്തിലെ പൂരം ഉത്സവത്തിന് നാളെ കൊടിയേറും. ആഘോഷത്തിന്റെ ഭാഗമായി പത്തു ദിവസവും രാത്രി വിളക്കിനെഴുന്നള്ളത്ത് ഉണ്ടാകും.  11-നാണ് ഉത്സവം സമാപിക്കുക.

✪✪✪

കൊല്ലം ജില്ലയിലെ മണപ്പള്ളി അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തിയ പരിശോധനയിൽ കുഞ്ഞുങ്ങളുടെ അമൃതംപൊടി സുരക്ഷിതമായല്ല നിർമ്മിക്കുന്നതെന്ന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷൻ കണ്ടെത്തി. യൂണിറ്റിലെ ഉത്പാദനം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണെന്ന് കണ്ടെത്തി. സംസ്ഥാന ഭക്ഷ്യ കമ്മീഷന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന.

✪✪✪

കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ആദിവാസി യുവാവ് ഗോകുൽ ആത്മഹത്യ ചെയ്ത സംഭവം ക്രൈംബ്രാഞ്ച് അന്വേഷിക്കും. സ്റ്റേഷനിലെ SI ഉൾപ്പെടെ ഉദ്യോഗസ്ഥരുടെ മൊഴിയെടുക്കും. സംഭവത്തിൽ മജിസ്ട്രേറ്റ്തല അന്വേഷണവും നടക്കുന്നുണ്ട്.

✪✪✪

ഇന്ന് ലോക ഓട്ടിസം അവബോധ ദിനം. ഓട്ടിസത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശം നൽകി.

✪✪✪

---

*News Reader: വി. കെ സുരേഷ്*
*News Team: ശരണ്യ രാജൻ, ശ്രിജി,*
*DEO : ഷീബ*